DESPATCHED On...20/2/2020

22/01/2020



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ CP No.985(1)/2019/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.18943/എസ്.ഐ.സി-ജി 4/2019**

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ **കമ്മീഷണർ**

**ശ്രീമതി.അദബിയ കുഞ്ഞ്,**
**പണയിൽ പുത്തൻ വീട്,**
**മുരുക്കുമൺ മുറിയിൽ,**
**നിലമേൽ പി.ഒ, കടയ്ക്കൽ.** } പരാതി **ഹർജിക്കാരി**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്,**
**നിലമേൽ, കൊല്ലം.** } എതിർക**ക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17/10/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/11/2019 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 21/11/2019 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 22/11/2019 |
| ഹിയറിംഗ് തീയതിയും സ്ഥലവും | 21/01/2020<br>കോൺഫറൻസ് ഹാൾ,<br>കളക്ട്രേറ്റ്, കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം: പരാതി ഹർജിക്കാരി<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

പരാതി ഹർജിക്കാരിയായ ശ്രീമതി. അദബിയ കുഞ്ഞ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ അപേക്ഷയിന്മേൽ എതിർകക്ഷി നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, നിലമേൽ വില്ലേജിൽ ബ്ലോക്ക് 40-ൽ റീസർവ്വെ 335-ൽ 12 സെൻ്റ് സ്ഥലം പതിച്ച് കിട്ടുന്നതിന് വേണ്ടി ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും 27/07/2017 തീയതി താലൂക്ക് ഓഫീസിൽ മേൽപ്പടി വിവരം സംബന്ധിച്ച് അപേക്ഷ കൊടുത്തിരുന്നു എന്നും കൂടാതെ 16/10/2019 തീയതി വീണ്ടും അപേക്ഷ നൽകിയിട്ടുണ്ടെന്നും മേൽപ്പടി അപേക്ഷകളിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിവരാവകാശ നിയമപ്രകാരം അറിയിക്കണമെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിൽ മതിയായ ഫീസ് ഉണ്ടായിരുന്നില്ല എന്നും ആയതിനാൽ 15/11/2019 തീയതി മതിയായ അപേക്ഷാ ഫീസ് ഉൾക്കൊള്ളിച്ച അപേക്ഷ നൽകണമെന്ന് ഹർജിക്കാരിയെ അറിയിച്ചിരുന്നുവെന്നും ആയത് പ്രകാരം ഹർജിക്കാരി 22/11/2019 തീയതി മതിയായ ഫീസ് ഒടുക്കി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയത് പ്രകാരം ഹർജിക്കാരിക്ക് 22/11/2019 മറുപടി നൽകിയിട്ടുള്ളതാണെന്നും 21/11/2019 തീയതി ഹർജിക്കാരി ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് തീർപ്പാക്കി 27/11/2019 തീയതി ഒന്നാം അപ്പീൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി 17/10/2019 തീയതി നൽകിയ അപേക്ഷയിൽ നിയമാനുസൃത ഫീസ് ഒടുക്കിയിരുന്നില്ല എന്നു കാണുന്നു. ആയത് ഒടുക്കി സമർപ്പിച്ച അപേക്ഷയിന്മേൽ SPIO സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്നും കാണുന്നു. മേൽപ്പടി മറുപടി പ്രകാരം അറിയിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ തീയതികളിൽ ബന്ധപ്പെട്ട സ്ഥലം പതിച്ച് കിട്ടുന്നതിന് വേണ്ടി അപേക്ഷ ലഭിച്ചിട്ടില്ല എന്നാണ്. ആയത്

വസ്തുനിഷ്ഠമാണോ എന്നതിൽ കമ്മീഷന് കാര്യമാത്ര പ്രസക്തമായ സംശയമുണ്ട്. കാരണം താലൂക്ക് ഓഫീസിൽ നിന്നും endorse ചെയ്ത് നൽകിയ മേൽപ്പടി അപേക്ഷ ഹർജിക്കാരി തന്നെ വില്ലേജ് ഓഫീസിൽ നേരിട്ട് നൽകി എന്നാണ് കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരി ബോധിപ്പിച്ചത്. ഒരു പക്ഷെ ബന്ധപ്പെട്ട അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കാതെ ആയത് നഷ്ടപ്പെടുത്തിയിട്ടുള്ളതാകാം. ഇക്കാര്യം വിവരാവകാശ നിയമപ്രകാരം സ്ഥിരീകരിക്കുക ഈ അവസരത്തിൽ പ്രായോഗികമല്ല. ഹർജിക്കാരി ഇപ്പോൾ സ്ഥലം പതിച്ച് കിട്ടുന്നതിന് വേണ്ടിയുള്ള അപേക്ഷ വീണ്ടും നൽകിയിട്ടുള്ള സാഹചര്യത്തിൽ എതിർകക്ഷി ഓഫീസ് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൺ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bm

RIGHT TO INFORMATION